# പി.എഫ്. കോഡ് അനുവദിക്കുന്നതിനു മുമ്പുള്ള കാലയളവിലെ വിഹിതത്തിന് ഡാമേജസ് ചുമത്തിയത് നിയമവിരുദ്ധം

## ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, മുംബൈ

E.P.F.A. No. 291/2017 Dt. 10.2.2020

രേവ്ദന്ദ കോ-ഓപ്പറേറ്റീവ് അർബൻ ബേങ്ക് ലിമിറ്റഡ്
x
അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട്
കമ്മീഷണർ

നിയമപ്രകാരം ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനമല്ല അർബൻ ബേങ്ക്. എങ്കിലും സ്വമേധയാ ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ വരാൻ സ്ഥാപനം 2008-ൽ തീരുമാനിച്ചു. 2001 മുതൽ തന്നെ സ്ഥാപനം ഇ.പി.എഫ്. നിരക്കിന് തുല്യമായ തുക പ്രത്യേക എക്കൗണ്ടിൽ നിക്ഷേപിച്ചുവന്നിരുന്നു. സ്ഥാപനത്തിന്റെ അഭ്യർത്ഥന പരിഗണിച്ച് 2001 മുതലുള്ള മുൻകാല പ്രാബല്യത്തോടെ ഇ.പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന് 2008-ൽ ഇ.പി.എഫ്. കോഡ് അനുവദിച്ചു നല്കി. കോഡ് നമ്പർ ലഭിച്ചയുടനെ 2001 മുതലുള്ള വിഹിതമായ മുപ്പത്തിനാല് ലക്ഷത്തോളം രൂപ സ്ഥാപനം അടച്ചു. ഇപ്രകാരം സംഖ്യ അടച്ചുകഴിഞ്ഞപ്പോൾ ഡാമേജസ് ചുമത്തുന്നതിനുള്ള നടപടികൾ ഇ.പി.എഫ്. കമ്മീഷണർ ആരംഭിച്ചു. തുടർന്ന് 2001 മുതൽ 2008 വരെയുള്ള കാലയളവിലെ വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയതിന് ഡാമേജസ് ചുമത്തിക്കൊണ്ട് ഇ.പി.എഫ്. കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ സ്ഥാപനം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. തങ്ങൾ സ്വമേധയാ ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ വന്നതാണെന്നും 2008-ൽ ഇ.പി.എഫ്. കോഡ് ലഭിച്ചയുടനെ 2001 മുതലുള്ള കാലയളവിലെ വിഹിതം അടച്ചതാണെന്നും സ്ഥാപനം ചൂണ്ടിക്കാട്ടി. കോഡ് നമ്പർ ലഭിക്കുന്നതിനു മുമ്പ് വിഹിതമടയ്ക്കുക സാധ്യമല്ലെന്നിരിക്കെ കോഡ് നമ്പർ ലഭിക്കുന്നതിനു മുമ്പുള്ള കാലയളവിലെ വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയെന്ന് പറയുന്നതുതന്നെ യുക്തിക്കു നിരക്കാത്തതാണെന്ന് സ്ഥാപനം വാദിച്ചു. ഒരു തരത്തിലും വീഴ്ച വരുത്താത്ത സ്ഥാപനത്തിന് ഡാമേജസ് ചുമത്തിയത് യുക്തിരഹിതവും അന്യായവുമാണെന്ന് സ്ഥാപനം വാദിച്ചു. വിഹിതം യഥാസമയം അടയ്ക്കാതിരുന്നത് എന്തു കാരണം കൊണ്ടായാലും കാലതാമസം വരുത്തിയാൽ ഡാമേജസ് വസൂലാക്കേണ്ടത് നിർബ്ബന്ധമാണെന്ന് ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. കോഡ് നമ്പർ ലഭിക്കുന്നതിനു മുമ്പുള്ള കാലയളവിലെ വിഹിതമടയ്ക്കാൻ വൈകിയെന്ന കാരണത്താൽ ഡാമേജസ് ചുമത്താൻ പാടില്ലെന്ന വ്യവസ്ഥ നിലനില്ക്കുമ്പോൾ അതിനു വിരുദ്ധമായി ഡാമേജസ് ചുമത്തിയത് ന്യായീകരിക്കാനാവില്ലെന്ന് വിലയിരുത്തിയ ട്രൈബ്യൂണൽ ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കുകയും സ്ഥാപനത്തിന്റെ അപ്പീൽ അനുവദിക്കുകയും ചെയ്തു.